LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷൻ

87(303) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1994-95 മുതൽ നാളിതുവരെ മിനിമം ഗ്യാരന്റി എഗ്രിമെന്റ് വച്ച എത്ര ജോലികൾ ഇനിയും ചെയ്ത് തീർക്കാനുണ്ട് ;

(ബി) നടപ്പ് സാമ്പത്തിക വർഷം തന്നെ ഈ ജോലികൾ പൂർത്തിയാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ;

(സി) അരിക്കോട്, കാവന്നൂർ, ചീക്കോട് പഞ്ചായത്തുകളിൽ 1994-95, 1995-96 വർഷങ്ങളിൽ മിനിമം ഗ്യാരന്റി എഗ്രിമെന്റ് വച്ച 90 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാൻ ആവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 69 എണ്ണം.

(ബി) 31-3-1996 വരെ മിനിമം ഗ്യാരന്റി വച്ച ജോലികൾ പൂർത്തിയാക്കാനാണ് ഈ സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലുൾപ്പെട്ട ജോലികൾ പുരോഗമിച്ചു വരുന്നു.

(സി&ഡി) 31-3-1996 വരെ മിനിമം ഗ്യാരന്റി വച്ചു രജിസ്റ്റർ ചെയ്തവർക്ക് സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ഈ സാമ്പത്തികവർഷം കണക്ഷൻ നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

നെടുമങ്ങാട് ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിന്റെ ശോചനീയാവസ്ഥ

88(304) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ കെട്ടിടത്തിന്റെ വിപുലീകരണത്തിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഈ മേജർ സെക്ഷന്റെ കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടി നാഗച്ചേരി, പനയംചേരി, പനയമുട്ടം, ഉളിയൂർ, മൊട്ടക്കാവ്, കരിക്കുഴി, നെല്ലിക്കുന്ന്, ആറാംപള്ളി, പരിക്കാപ്പാറ എന്നീ ഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;